പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5121 30.06.2014 ൽ മറുപടിക്ക്**

## പോലീസ് സേനയിലെ സ്ഥലംമാറ്റം

| ചോദ്യം<br>**ശ്രീ.കെ.രാധാകൃഷ്ണൻ**<br>**ശ്രീ.എം.ചന്ദ്രൻ**<br>**ശ്രീ.എ.പ്രദീപ് കുമാർ**<br>**ശ്രീ.ബി.സത്യൻ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് പിന്തുടർന്നുവന്ന മാനദണ്ഡങ്ങൾ എന്തായിരുന്നു; മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളിലാണ് മാറ്റം വരുത്തിയിരിക്കുന്നത്; പുതിയ മാനദണ്ഡം സംബന്ധിച്ച് വിശദമാക്കുമോ; ഇത് എന്ന് മുതൽ പ്രാബല്യത്തിൽ വരുകയുണ്ടായി; | എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച 10.09.2004-ലെ സർക്കാർ ഉത്തരവ് (പി) നം.12/2004/പി & എ.ആർ.ഡി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ, കേരള പോലീസ് ആക്ടിന്റെ 97-ാം ഖണ്ഡത്തിൽ പോലീസ് സേനയിലെ സ്ഥലം മാറ്റം സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, സ്ഥലംമാറ്റം സംബന്ധിച്ചുള്ള ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ കൃത്യമായി പാലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 29.05.2014-ാം തീയതി സംസ്ഥാന പോലീസ് മേധാവി ഒരു എക്സിക്യൂട്ടീവ് ഡയറക്ടീവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| **ബി)** ഈ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലമാറ്റം നടത്തിയതിന്റെ ഭാഗമായി സ്ഥലമാറ്റം കിട്ടിയവർ ദുരിതമനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **ബി)** ഇല്ല. |
| **സി)** പുതുക്കിയ സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് ഡി.ജി.പി ക്ക് സ്വതന്ത്രമായി സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കാൻ സാദ്ധ്യമാകുമോ; ഏതെല്ലാം ഗ്രേഡിന് മുകളിലുള്ളവരുടെ സ്ഥലംമാറ്റം മന്ത്രിയുടെയോ മുഖ്യ-മന്ത്രിയുടെയോ പരിഗണനയ്ക്കായി വരേണ്ടതുണ്ട്; വിശദമാക്കുമോ; | **സി)** ഇൻസ്പെക്ടർ റാങ്ക് വരെയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് സംസ്ഥാന പോലീസ് മേധാവിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഇതിനു മുകളിലുള്ള റാങ്കിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സർക്കാറിന്റെ പരിഗണനയ്ക്കായി വരേണ്ടതാണ്. |

സെക്ഷൻ ഓഫീസർ